ഈ ഗ്രോബാഗുകൾ 1500 രൂപ സബ്സിഡി നിരക്കിലാണ് നൽകുന്നത്. ഗുണഭോക്താവ് 500 രൂപ കൃഷിഭവനിൽ അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടാതെ മുൻ വർഷങ്ങളിൽ ഈ പദ്ധതിപ്രകാരം നൽകിയ ഗ്രോബാഗുകൾ പുനരുജ്ജീവിപ്പിച്ച് വീണ്ടും കൃഷി യോഗ്യമാക്കുന്നതിന് ആവശ്യമായ വിത്തുകൾ, തൈകൾ, ജൈവ/ജീവാണു വളങ്ങൾ എന്നിവയും കൃഷി ഭവനിൽനിന്ന് നൽകുന്നുണ്ട്. കർഷകർക്ക് കൃഷി സംബന്ധമായ പരിശീലന പരിപാടികളും ലഘുലേഖകളും നൽകുന്നുണ്ട്. വിഷവിമുക്തമായ സുരക്ഷിത പച്ചക്കറി ഉൽപ്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ബി) ഉണ്ട്.

(സി) ബി.പി.എൽ./എ.പി.എൽ. ഭേദമന്യേ എല്ലാ കർഷകർക്കും ഈ ആനുകൂല്യങ്ങൾ കൃഷി ഭവനിൽ അപേക്ഷ നൽകി കൈപ്പറ്റാവുന്നതാണ്.

അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം

146 (1515) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കർഷകത്തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിന് പ്രസ്തുത സെന്ററുകൾക്ക് എത്രത്തോളം സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത സെന്ററുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അഗ്രോ സർവ്വീസ് സെന്ററുകൾ കാര്യക്ഷമമായി പ്രവർത്തനം ആരംഭിച്ചത് 2013-14 വർഷത്തിലാണ്. സർവ്വീസ് കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ എല്ലാ മാസവും വിലയിരുത്തുകയും പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ അവയെ ഗ്രേഡ് ചെയ്യുകയും ചെയ്യുന്നുണ്ട്.

(ബി) കർഷകത്തൊഴിലാളി ക്ഷാമം പരിഹരിക്കുവാൻ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം വളരെയധികം സഹായകരമാണ്. അഗ്രോ സർവ്വീസ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സെന്ററുകൾവഴി വിവിധ കൃഷിപ്പണികളിൽ യന്ത്രങ്ങളുടെയും ടെക്നീഷ്യന്റെയും സേവനം ലഭിക്കും. കാർഷിക യന്ത്രങ്ങൾ സേവന കേന്ദ്രത്തിൽ ലഭ്യമാണ്. അവ ഉപയോഗിച്ച് കർഷകർക്ക് സേവനം നൽകുന്നു. തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനും നിലം ഒരുക്കൽ, മരുന്നുതളി, വിളവെടുപ്പ് എന്നീ പണികൾക്കും അഗ്രോ സർവ്വീസ് സെന്ററുകളിലെ അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുന്നു. ഓരോ അഗ്രോ സർവ്വീസ് സെന്ററുകളിലും വിദഗ്ധ പരിശീലനം ലഭിച്ച ടെക്നീഷ്യൻമാർ ഇതിനായി പ്രവർത്തിക്കുന്നു.

(സി) നല്ല രീതിയിൽ പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകൾക്ക് കൂടുതൽ യന്ത്രങ്ങൾ നൽകി സഹായിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ദേശീയ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ പങ്കാളിത്തം

147 (1516) ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ട തൊഴിലാളികളെ പങ്കെടുപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; ഇത് സംബന്ധിച്ച് കേന്ദ്രസർക്കാർ എന്തെങ്കിലും ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

കൃഷി വകുപ്പിന്റെ വിവിധ പദ്ധതി നിർവ്വഹണത്തിൽ (ഉദാ: തരിശുനില കൃഷി) നിലമൊരുക്കൽ/കൃഷി സ്ഥലം തയ്യാറാക്കുന്നതിന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളെ പങ്കെടുപ്പിക്കുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഒരു ജില്ലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ ഏറ്റവും കുറഞ്ഞത് 60 ശതമാനം തുകയ്ക്കുള്ള പ്രവൃത്തികളെങ്കിലും കാർഷിക/കാർഷികാനുബന്ധ മേഖലയുമായി നേരിട്ട് ബന്ധപ്പെട്ട ഉൽപ്പാദനക്ഷമമായ ആസ്തികളുടെ നിർമ്മാണത്തിന് ഉപയോഗിക്കണമെന്ന് കേന്ദ്ര സർക്കാർ വ്യവസ്ഥചെയ്തിട്ടുണ്ട്. എന്നാൽ, ആവർത്തന സ്വഭാവമുള്ള കൃഷിപ്പണികൾ പദ്ധതിയിലേറ്റെടുക്കുന്നത് നിയമംമൂലം നിരോധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതി കൃഷി/അനുബന്ധ വകുപ്പുകളുടെ പദ്ധതികളുമായി സമന്വയിപ്പിച്ച് ഈടുറ്റതും ഗുണമേൻമയുള്ളതും ഉൽപ്പാദനക്ഷമവുമായ ആസ്തികളുടെ നിർമ്മാണത്തിന് സഹായകരമായ പ്രവൃത്തികൾ